LIBRARY ARCHIVES Kerala Legislative Assembly

മഹിളാസൗഖ്യ

26 (1400) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹിളാസൗഖ്യ എന്ന സംഘടനയ്ക്ക് ആദിവാസി മേഖലയിൽ പ്രവർത്തനം നടത്തുന്നതിന് കഴിഞ്ഞ അഞ്ച് വർഷം കേന്ദ്ര ഗ്രാമവികസന മന്ത്രാലയം വഴി ലഭിച്ച ഉകയെത്രയെന്ന് വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇവർ ആദിവാസി മേഖലയിൽ എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയെന്ന് വ്യക്തമാക്കാമോ; ഇതിനായി വേണ്ടി വന്ന ഉകയെത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കേന്ദ്ര ഗ്രാമവികസന മന്ത്രാലയം വഴി ഒരു രൂപ പോലും ലഭിച്ചിട്ടില്ല എന്ന് കേരള സമഖ്യ സൊസൈറ്റിയുടെ അസോസിയേറ്റ് പ്രോജക്ട് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ആദിവാസി മേഖലയിൽപ്പെട്ട പെൺകുട്ടികൾക്ക് വിദ്യാഭ്യാസ തുടർച്ച ലഭ്യമാക്കുന്നതിന്റെ ഭാഗമായി മഹിളാ ശിക്ഷൺ കേന്ദ്രങ്ങളിൽ താമസിച്ച് പഠിക്കുന്നതിനുള്ള സൗകര്യം മഹിളാസൗഖ്യ വഴി നടപ്പിലാക്കുന്നു. ആദിവാസി മേഖലയിലെ പോഷകാഹാരക്കുറവും അനാരോഗ്യവും മെച്ചപ്പെടുത്തുന്നതിനായി സമൂഹ അടുക്കള പ്രവർത്തിക്കുന്നു. മദ്യത്തിനും മയക്കുമരുന്നിനും എതിരായ ബോധവൽക്കരണം നടത്തുകയും പെൺകുട്ടികൾക്ക് വിദ്യാഭ്യാസം ലഭ്യമാക്കുകയും ചെയ്യുന്നു. ശൈശവവിവാഹത്തിന് എതിരായി ബോധവൽക്കരണം നടത്തുകയും വിദ്യാഭ്യാസത്തിന് അവസരം നൽകുകയും ചെയ്യുന്നു. തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി സഹായങ്ങൾ നൽകുന്നു. 'സംയോജിത' ആദിവാസി കേരളം സാംസ്കാരിക പരിപാടി വഴി ആദിവാസികളും കേരളത്തിന്റെ ഭാഗമാണ് എന്ന ബോധം ആദിവാസികൾക്കും പൊതുജനങ്ങൾക്കും ബോധ്യപ്പെടുത്തികൊടുക്കുന്നു. ഇതിനായി വേണ്ടിവരുന്ന ഉകയെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

കൽപ്പറ്റ നിയോജകമണ്ഡലത്തിലെ വികസന പദ്ധതികൾ

27 (1401) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഗ്രാമവികസന വകുപ്പ് മുഖേന കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിന് വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

കാഞ്ഞങ്ങാട് പി.എം.ജി.എസ്.വൈ.

28 (1402) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം റോഡുകൾക്കാണ് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭരണാനുമതി നൽകിയതെന്ന് പറയാമോ;

(ബി) ഏതൊക്കെ റോഡുകളുടെ പ്രവൃത്തി പൂർത്തിയായി; ഇനിയും പൂർത്തിയാക്കാൻ ബാക്കിയുള്ളവ ഏതൊക്കെ; വിശദാംശങ്ങൾ നൽകാമോ;

(സി) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തുന്നതിന് കാഞ്ഞങ്ങാട് മണ്ഡലത്തിൽ നിന്നും ഏതൊക്കെ റോഡുകളാണ് തെരഞ്ഞെടുത്തിട്ടുള്ളത് എന്ന് റോഡ്, പഞ്ചായത്ത് എന്നിവ തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധം 1 * ആയി ചേർത്തിരിക്കുന്നു.

(ബി) അനുബന്ധം 2 * ആയി ചേർത്തിരിക്കുന്നു.

(സി) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തുന്നതിന് കാഞ്ഞങ്ങാട് മണ്ഡലത്തിൽ നിന്ന് തെരഞ്ഞെടുത്തിട്ടുള്ള റോഡുകളുടെ പട്ടിക താഴെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly